# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.614** **08.03.2012-ൽ** മറുപടി നൽകേണ്ടിയിരുന്നത്

## വന്ധ്യതാചികിത്സ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.എ.മാധവൻ:<br>ശ്രീ. ഹൈബി ഈഡൻ:<br>ശ്രീ.വി.റ്റി.ബൽറാം:<br>ശ്രീ.എം.പി.വിൻസെന്റ്: | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് വന്ധ്യതാ ചികിത്സയ്ക്കായി സർക്കാർ മെഡിക്കൽ കോളേജുകളിൽ സംവിധാനം നിലവിലുണ്ടോ; | (എ) ലെവൽ 2 വരെയുള്ള വന്ധ്യത ചികിത്സാ രീതികൾ തിരുവനന്തപുരം എസ്.എ.ടി. ആശുപത്രിയിൽ നിലവിൽ ഉണ്ട്. ലെവൽ 3 ൽ ഉള്ള ചികിത്സാ സമ്പ്രദായം നടപ്പിലാക്കുന്നതിനുള്ള സംവിധാനങ്ങൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. തൃശ്ശൂർ, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ വന്ധ്യതാ ക്ലിനിക്കുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്. കോട്ടയം, ആലപ്പുഴ മെഡിക്കൽ കോളേജുകളിൽ ചെറിയ രീതിയിലുള്ള ചികിത്സാ സൗകര്യങ്ങൾ ലഭ്യമാണ്. |
| (ബി) ഈ ചികിത്സ തേടുന്നവർ സ്വകാര്യ ആശുപത്രികളിൽ അമിതമായ ഫീസും ചൂഷണവും നേരിടുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (സി) ഇതു തടയുവാൻ ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുകയും നിയമനിർമ്മാണം നടത്തുകയും ചെയ്യുമോ; | (സി) ഇതു സംബന്ധിച്ച് നിയമനടപടികൾ സ്വീകരിക്കുന്നതിനും, നിയമനിർമ്മാണം നടത്തുന്നതിനുമുള്ള നിർദ്ദേശങ്ങൾ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല |
| (ഡി) ന്യായമായ ഫീസ് ചുമത്തി പ്രധാനപ്പെട്ട സർക്കാർ മെഡിക്കൽ കോളേജുകളിൽ വന്ധ്യതാ ചികിത്സയ്ക്കുള്ള പ്രത്യേക സംവിധാനം ഏർപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കുമോ? | (ഡി) തിരുവനന്തപുരം എസ്.എ.റ്റി ആശുപത്രിയിൽ നിലവിലുള്ള ലെവൽ 2 ചികിത്സാ സമ്പ്രദായം ലെവൽ 3 ആയി ഉയർത്തുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. തൃശ്ശൂർ, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ വന്ധ്യതാ ക്ലിനിക്കുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ